# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6968 11.07.2014 -ലെ മറുപടിയ്ക്ക്**

**അദ്ധ്യയന ദിവസങ്ങൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | | ശ്രീ. പി. കെ. അബ്ദുറബ്ബ്. (ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യയന ദിവസങ്ങൾ അഞ്ചാക്കി ഉത്തരവായിട്ടുണ്ടോ ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ആഴ്ചയിൽ അദ്ധ്യയന ദിവസങ്ങൾ അഞ്ചു ദിവസമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇല്ലെങ്കിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ അദ്ധ്യയന ദിവസങ്ങൾ ആഴ്ചയിൽ ആറാക്കി നിലനിർത്താനിടയായ സാഹചര്യം വിശദീകരിക്കാമോ ? | (സി) | പ്രൊഫ. ലബ്ബ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലെ പഠന സമയത്തിൽ കുറവ് വരാതെ 6 ദിവസത്തെ പഠന സമയം ശനിയാഴ്ച ഒഴിവാക്കി 5 ദിവസത്തിൽ ക്രമീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായത്. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ഹയർ സെക്കന്ററി സ്കൂളുകളെ അപേക്ഷിച്ച് പഠന സമയം കൂടുതലാണ്. ഇപ്പോൾ പഠന സമയം തുടങ്ങുന്നത് രാവിലെ 8.30നും അവസാനിക്കുന്നത് വൈകിട്ട് 4.30നുമാണ്. ആയതിനാൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കാര്യക്ഷമമായി വിദ്യാർത്ഥികൾക്ക് |

നൽകുന്നതിന് 5 ദിവസം പര്യാപ്തമല്ല
എന്ന് പ്രൊഫ. ലബ്ബ കമ്മിറ്റിയ്ക്ക്
ബോധ്യപ്പെട്ടതിനാൽ വി.എച്ച്.എസ്. ഇ
യിൽ നിലവിലുള്ള അദ്ധ്യാപന
സമയത്തിൽ കുറവ് വരുത്താതെ
ആഴ്ചയിൽ 6 ദിവസം അദ്ധ്യായനം
നടക്കത്തക്ക രീതിയിൽ തൊഴിൽ
വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം
നൽകി ഇപ്പോഴത്തെ അവസ്ഥ കൂടുതൽ
ഫലപ്രദമാകും വിധം
തുടരേണ്ടതാണെന്ന് ശുപാർശ
ചെയ്യുകയുണ്ടായി. അതിനാലാണ്
വൊക്കേഷണൽ ഹയർസെക്കന്ററി
സ്കൂളുകളിൽ അദ്ധ്യയന ദിവസങ്ങൾ
ആഴ്ചയിൽ അഞ്ചാക്കി
നിലനിർത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം- ഹയർ സെക്കന്ററി വിദ്യാഭ്യാസം -അക്കാദമികം- പ്രൊഫ.പി.ഒ.ജെ.ലബ്ബ കമ്മിറ്റി റിപ്പോർട്ട് - ശനിയാഴ്ച ഒഴിവാക്കി സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി ദിവസങ്ങൾ അഞ്ചാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതു വിദ്യാഭ്യാസ (യു) വകുപ്പ്

സ.ഉ. (കൈ.) നം.117/2014/പൊവി തീയതി, തിരുവനന്തപുരം 24/06/2014

---

**പരാമർശം:- (1)12/10/2012-ലെ സ.ഉ. (സാധാ.) നം.4938/2012/പൊവി .**

(2) 16/04/2013-ൽ പ്രൊഫ.പി.ഒ.ജെ.ലബ്ബ അധ്യക്ഷനായ കമ്മിറ്റി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ട്.

(3) എസ് സി ഇ ആർ ടി ഡയറക്ടറുടെ 21/04/2014-ലെ പ്രോഗ് II/1046/14/എസ് സി ഇ ആർ ടി നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം കേരളത്തിലെ ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖല നേരിടുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് ശുപാർശ സമർപ്പിക്കുന്നതിന് പ്രൊഫ. പി.ഒ.ജെ. ലബ്ബ, മുൻ പ്രിൻസിപ്പാൾ, ടി.കെ.എം എഞ്ചിനീയറിംഗ് കോളേജ്, കൊല്ലം ചെയർമാനും പ്രൊഫ. കെ.എ ഹാഷിം,ഡയറക്ടർ,എസ് സി ഇ ആർ ടി കൺവീനറുമായി ഒരു നാലംഗസമിതിയെ സർക്കാർ നിയമിക്കുകയുണ്ടായി. ടി സമിതി ഹയർസെക്കന്ററി വിദ്യാഭ്യാസമേഖലയെ സമബന്ധിച്ച അതിന്റെ ഒന്നാം ഘട്ട ശുപാർശകൾ 2013 ഏപ്രിൽ മാസം 16-ാം തീയതി സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ടി ശുപാർശകളിലെ പ്രധാനപ്പെട്ട ഒരു ശുപാർശ, ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള ആഴ്ചയിൽ ആറ് പ്രവൃത്തി ദിനങ്ങളിൽ ശനി ഒഴിവാക്കി അഞ്ച് ആയി കുറയ്ക്കുക എന്നതായിരുന്നു. ടി ശുപാർശ സർക്കാർ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. സ്കൂളുകളിൽ പഠനവും പാഠ്യേതര പ്രവർത്തനവും ആകർഷകവും ആസ്വാദ്യകരവുമാക്കിയാൽ മാത്രമേ കുട്ടികൾക്ക് പഠനം ഭാരമായി തോന്നാതിരിക്കുകയുള്ളൂ, ഹയർ സെക്കന്ററിയിൽ അഞ്ച് ദിവസ സമ്പ്രദായത്തിലേയ്ക്ക് മാറ്റപ്പെടുമ്പോൾ പഠന സാധ്യമായ സമയങ്ങളിലും അനുബന്ധ പ്രവർത്തനങ്ങളിലും പുന: ക്രമീകരണം ആവശ്യമാണ് എന്നീ ലബ്ബ കമ്മിറ്റിയുടെ നിരീക്ഷണങ്ങൾ സർക്കാർ പരിഗണിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള അധ്യയന സമയങ്ങളിൽ കുറവുവരാതെ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തി ദിവസങ്ങൾ

ആഴ്ചയിൽ അഞ്ചായി നിജപ്പെടുത്തുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും ചെയ്തു. ഇത് സംബന്ധിച്ച് സമഗ്രമായി പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ അടിയന്തിരമായി സർക്കാരിൽ സമർപ്പിക്കുന്നതിന് എസ് സി ഇ ആർ ടി ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ എന്നിവരെ ചുമതലപ്പെടുത്തുകയുമുണ്ടായി.

(2) പരാമർശം (3)പ്രകാരം ടി ഉദ്യോഗസ്ഥ കമ്മിറ്റി ഇക്കാര്യത്തിൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും സർക്കാർ അത് വിശദമായി പരിശോധിക്കുകയും ചെയ്തു. നിലവിൽ ഹയർ സെക്കന്ററി സ്കൂളുകളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.15 വരെയുള്ള സമയക്രമത്തിൽ ആഴ്ചയിൽ ആറ് പ്രവൃത്തി ദിനങ്ങളിലായി 47 പിരീഡു കളാണ് അധ്യയനത്തിനായി നിജപ്പെടുത്തിയിരിക്കുന്നത്. പ്രവൃത്തിദിനം ആഴ്ചയിൽ അഞ്ചാകുമ്പോൾ ശനിയാഴ്ച നഷ്ടപ്പെടുന്ന സമയം മറ്റ് ദിവസങ്ങളിൽ അതായത് തിങ്കൾ മുതൽ വെള്ളിവരെയുള്ള ദിവസങ്ങളിൽ രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.30 വരെയായി ക്രമീകരിക്കാവുന്നതാണെന്നും പ്രൊഫ. പി.ഒ.ജെ. ലബ്ബ കമ്മിറ്റി ചെയ്ത ശുപാർശ ടി ഉദ്യോഗസ്ഥതല സമിതിയും അംഗീകരിക്കുകയുണ്ടായി.

(3) മേൽ സാഹചര്യത്തിൽ ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രവൃത്തിദിനം സർക്കാരിന് യാതൊരുവിധ അധിക സാമ്പത്തികബാദ്ധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി 01/07/2014-മുതൽ ശനിയാഴ്ച ഒഴിവാക്കി ആഴ്ചയിൽ അഞ്ച് ആക്കി താഴെപറയുന്ന സമയ ഘടനയോടുകൂടി അംഗീകരിച്ച് ഉത്തരവാകുന്നു.

Monday to Thursday- 4 days/week

| Period Number | Time | Duration (Minutes) |
|---|---|---|
| 1 | 09.00-09.45 | 45 |
| 2 | 09.45-10.25 | 40 |
| 3 | 10.25-11.05 | 40 |
| 4 | 11.10-11.50 | 40 |
| 5 | 11.50-12.30 | 40 |
| **Lunch Break** | 12.30 PM-01.05 PM | 35 |
| 6 | 01.05-01.45 | 40 |
| 7 | 01.45-02.25 | 40 |
| 8 | 02.25-03.05 | 40 |
| 9 | 03.10-03.45 | 35 |
| 10 | 03.45-04.30 | 45 |

## Friday-1 day/week

| Period Number | Time | Duration (Minutes) |
|---|---|---|
| 1 | 09.00-09.55 | 55 |
| 2 | 09.55-10.45 | 50 |
| 3 | 10.50-11.40 | 50 |
| 4 | 11.40-12.30 | 50 |
| Lunch Break | 12.30 PM- 02.00 PM | 90 |
| 5 | 02.00-02.50 | 50 |
| 6 | 02.50-03.40 | 50 |
| 7 | 03.45- 04.30 | 45 |

ഈ വിഷയത്തിൽ മേൽ നടപടികൾ ഹയർ സെക്കന്ററി ഡയറക്ടർ സത്വരമായി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എ. ഷാജഹാൻ,**
**ഗവൺമെന്റ് സെക്രട്ടറി.**

ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എസ് സി ഇ ആർ ടി, തിരുവനന്തപുരം.
എല്ലാ ഹയർസെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് വകുപ്പ്
(വ്യാപക പ്രചരണത്തിനായി)
ഇൻഫർമേഷൻ ആഫീസർ, വെബ്& ന്യൂ മീഡിയ, തിരുവനന്തപുരം (ഗവൺമെന്റ് വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
പൊതുവിദ്യാഭ്യാസ (റ്റി/എസ് സി/ജി) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻപ്രകാരം**

**സെക്ഷൻ ഓഫീസർ.**